# കിനാവ്



# ലിറ്റിൽ കൈറ്റ്സ്

# 2018-19

## സെന്റ് സെബാസ്റ്റ്യൻസ്
## ഹൈ ടെക് സ്കൂൾ പൊട്ടൻകാട്

ST. SEBASTIAN'S HIGH SCHOOL POTTANKAD

# DIGITAL MAGAZINE

പേജുകളിലൂടെ

ആശംസ

ആശംസ

ലിറ്റിൽ ക്രൈറ്റ്സ്

**മഴവില്ല്**

കോഴിബുദ്ധി

അത്ഭുതം. കോം

ലിയോയുടെ കൃഷി

വായന

കരയുന്ന പക്ഷി

മണി

കുഞ്ഞുണ്ണി

മാർക്കിലേക്കൊരു മാർഗം

സമീകൃതാഹാരം

ഇന്റർനെറ്റ്

കുസൃതി ചോദ്യം

ഗംഗാ നദിയിലേക്കൊരുചാട്ടം

ചേരിയിൽ നിന്ന് തേരിലേറിയ പെൺകുട്ടി

**കരയുന്ന കുഞ്ഞിനേ പാലു കിട്ടൂ**

മുല്ലകഥ

കൗതുകലോകം

പദപ്രശ്നം

ഉത്സവം

# ആശംസ

വിവരവിനിമയ വിദ്യ വളരെ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ ഹൈ ടെക് യുഗത്തിൽ നമ്മുടെ കുട്ടികളും മുന്നേറുന്നതിൽ വളരെ സന്തോഷം.

പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ഇ-മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

ഹെഡ് മാസ്റ്റർ

ജോയി ജോസഫ്.

## ആശംസ

പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ഇ-മാഗസിൻ "കിനാവിന്" എല്ലാ വിധ ആശംസകളും നേരുന്നു.

കൈറ്റ് മാസ്റ്റേഴ്സ്

സെലിൻ കെ ദേവസ്യ

*സി.റോസിൻ കുഴിപ്പിള്ളിൽ*

# ലിറ്റിൽ കൈറ്റ്സ്

## ഹൈ ടെക് വിദ്യാലയങ്ങളിലെ

## കുട്ടികളുടെ ഐ ടി കൂട്ടായ്മ

വിവിധ പരിശീലനങ്ങൾ

വിദഗ്ധരുടെ ക്ലാസുകൾ

അനിമേഷൻ

പ്രോഗ്രാമിങ്ങ്

മൊബൈൽ ആപ്പ് നിർമാണം

ഗ്രാഫിക് ഡിസൈനിംഗ്

മലയാളം ടൈപ്പിംഗ്

ഹാർഡ് വെയർ

ഇലക്ട്രോണിക്സ്

റോബോട്ടിക്സ്

സൈബർ സുരക്ഷ

ഇൻഡസ്ട്രിയൽ വിസിറ്റുകൾ

ക്യാമ്പുകൾ

# മഴവില്ല്

**മഴവില്ലേ മഴവില്ലേ**
**മാനത്തെത്തും മഴവില്ലേ**
**മായല്ലേ നീ മായല്ലേ**
**നീയെൻ കരളിൻ പൂവല്ലേ!**

**മയിലാട്ടും കുന്നുകളിൽവ**
**പുളകം പകരും മഴവില്ലേ**
**മാനത്തെക്കാവുകളിൽ**
**മണിമുത്തണിയും മഴവില്ലേ !**

**എനിക്കു നിന്നുടെ അടുത്തെത്താൻ**
**വഴിയറിയില്ല മഴവില്ലേ**
**മായല്ലേ മറയല്ലേ**
***നീയെൻ കരളിൻ കുളിരല്ലേ!***

***മെബിൻ റോയ്സൺ***

# കോഴിബുദ്ധി

അമ്മക്കുറുക്കനും കുഞ്ഞുകുറുക്കനും കൂടി നാട്ടിലിറങ്ങി.അതാ തുറന്നുകിടക്കുന്ന ഒരു കോഴിക്കൂട്.അവർ പതുങ്ങി പതുങ്ങി ചെന്നു.കൂടിന്റെ വെളിയിൽ നിന്ന പൂവാലൻ അനക്കം കണ്ടു."അയ്യോ കുറുക്കൻ" അവൻ കൂടിന്റെ വാതിൽക്കലേക്ക് കുതിച്ചു.

പക്ഷേ കൂട്ടിലേക്ക് ചാടിക്കയറുന്നതിനിടയിൽ വാതിൽ അടഞ്ഞുപോയി.പൂവാലന്റെ കഴുത്തിൽ അമ്മക്കുറുക്കന്റെ പിടി വീണുകഴിഞ്ഞു."അയ്യോ !എന്നെ വെറുതെ വിടണേ.” "കയ്യിൽ കിട്ടിയ കോഴിയെ വിടാനോ ഹ......ഹ......ഹ......" കുറുക്കൻ ചിരിച്ചു.

ഒന്നാലോചിച്ച് പൂവാലൻ ചോദിച്ചു "നിങ്ങൾ താറാവിറച്ചി തിന്നിട്ടുണ്ടോ " താറാവിറച്ചി അതു കേട്ട് അമ്മക്കുറുക്കന്റെ വായിൽ വെള്ളമൂറി."എന്റെ കൂട്ടിൽ ശല്യക്കാരായ രണ്ടു താറാവുകളുണ്ട്.അവർ ഉറങ്ങിയിട്ട് കൂട്ടിൽ കയറാനാണ് ഞാൻ പുറത്തു നിന്നത്.എന്നെ വിട്ടാൽ ഞാൻ അവരെ പിടിച്ചു തരാം."പൂവാലൻ പറഞ്ഞു "അമ്മേ എനിക്കു താറാവിറച്ചി മതി.” കുഞ്ഞുകുറുക്കൻ വാശി പിടിച്ചു.പൂവാലനെ വിടാൻ അമ്മക്കുറുക്കൻ സമ്മതിച്ചു

പക്ഷേ താറാവിനെ എങ്ങനെ കിട്ടും? പൂവാലൻ സൂത്രം പറഞ്ഞു. "നിങ്ങൾ പതിയെ വാതിൽ തുറന്നുതരണം ഞാൻ അകത്തുകടന്ന് അവരെ വിളിക്കാം നിങ്ങൾ അകത്തേക്കു നാക്കു നീട്ടുക.തീറ്റയാണെന്നു കരുതി അടുത്തു വരുന്ന അവരെ നിങ്ങൾക്കു പിടിക്കാം."ആ സൂത്രം കൊള്ളാം,അമ്മക്കുറുക്കൻ വാതിൽ തുറന്നു. പൂവാലൻ അകത്തുകടന്നു.കുറുക്കൻമാർ തലയും നാക്കും നീട്ടിയതുംപൂവാലൻ വാതിൽ അടച്ചു കോഴികളെല്ലാം കൂടി കുറുക്കൻമാരെ കൊത്തിപ്പറിച്ചു."ഇനി ഈ വഴി കണ്ടുപോകരുത് " പൂവാലൻ വാതിൽ തുറന്നതും അമ്മയും മകനും ഒറ്റഓട്ടം!!

ഡെൽഫിൻ ജോർജ്

## അദ്ഭുതം.com

### കറുത്ത ഗൂഗിൾ

Google black എന്ന് search ചെയ്ത് I'm Feeling Lucky ക്ലിക്ക് ചെയ്താൽ അതുവരെ വെളുത്ത നിറത്തിൽ കണ്ട സ്ക്രീൻ കറുത്ത നിറത്തിലായി മാറും. Google ലോഗോക്ക പകരം Black എന്നതെളിയും!!

നിറത്തിലും ലോഗോയിലുമുള്ള മാറ്റമേയുള്ളൂ. ബാക്കിയെല്ലാം ഗൂഗിൾ തന്നെ.നമുക്കാവശ്യമുള്ളതെല്ലാം സേർച്ച് ചെയ്യാം.എന്നാൽ സേർച്ച് റിസൽട്ടുകൾ വരുന്നതും കറുത്ത സ്ക്രീനിലായിരിക്കും. പശ്ചാത്തലം മുഴുവൻ കറുപ്പ്.മങ്ങിയ വെളുത്ത നിറത്തിൽ അക്ഷരങ്ങളും!!!

*വൈദ്യുതി ലാഭിക്കാനുള്ള ഒരു വഴിയായാണ് ഗൂഗിൾ ഈ സംവിധാനം കൊണ്ടുവന്നത്.വെളുത്ത നിറത്തിൽ തിളങ്ങിനില്ക്കുന്നസ്ക്രീൻകൂടുതൽവൈദ്യുതി ഉപയോഗിക്കും.നിറം കറുപ്പ് ആണെങ്കിൽ കുറച്ച് വൈദ്യുതി മതി!!!*

*ആൻമോൾ*

# ലിയോയുടെ കൃഷി

പണ്ട് ഫ്രാൻസിൽ ലിയോ എന്നൊരു കർഷകനുണ്ടായിരുന്നു.

ഒരിക്കൽ ലിയോ മുറ്റത്തൊരു മധുരക്കിഴങ്ങ് നട്ടു. ചെടി തഴച്ചു

വളർന്നു,പാകമായപ്പോൾ ലിയോ മധുരക്കിഴങ്ങ് പിഴുതെടുക്കാൻ

നോക്കി.കഴിഞ്ഞില്ല.ശക്തിയിൽ ആഞ്ഞു വലിച്ചു.ഹും ...പറ്റുന്നില്ല!

ലിയോയുടെ ബുദ്ധിമുട്ട് കണ്ട് ഭാര്യ ലേസി സഹായിക്കാൻ വന്നു.രണ്ടുപേരും കൂടി ശ്രമിച്ചിട്ടും മധുരക്കിഴങ്ങ് പിഴുതെടുക്കാൻ സാധിച്ചില്ല.ഇതു കണ്ട് മകൾ ലിച്ചി ഓടിവന്ന് സഹായിക്കാൻ കൂടി.എന്നിട്ടുണ്ടോ വല്ല ഫലവും!

ലിയോയുടെ നായ ലാകുവും പൂച്ച ലിപ്പുവും കൂടി.ലിയോയും ലേസിയും ലിച്ചിയും ലാകുവും ലിപ്പുവും കൂടി ആഞ്ഞു വലിച്ചിട്ടും ഫലം തഥൈവ! ഈ സമയത്താണ് ഒരു എലി ആ വഴി വന്നത്. "ഇങ്ങനെ കഷ്ടപ്പെടേണ്ട വല്ല കാര്യവുമുണ്ടോ? ഞാൻ പിഴുതുതരില്ലേ? " എലി ചോദിച്ചു " ങേ! ഞങ്ങൾ ഇത്ര പേർ വലിച്ചിട്ടും പറ്റാത്ത ചെടി നീ പിഴുതെടുക്കുമോ? നുണ പറയാതെ!” എല്ലാവരും എലിയെ കളിയാക്കി.

"ശരി, ഞാനിത് പിഴുതെടുത്താൽ എന്ത് തരും?"എലി ചോദിച്ചു."എങ്കിൽ മധുരക്കിഴങ്ങിന്റെ പകുതി തരാം ."ലിയോ പറഞ്ഞു. എലി സമ്മതിച്ചു .അവൻ മണ്ണ് തുരന്ന് മാളമുണ്ടാക്കി, മധുരക്കിഴങ്ങിന്റെ അടുത്തെത്തി.അതൊരു കൂറ്റൻ മധുരക്കിഴങ്ങായിരുന്നു. എലി മധുരക്കിഴങ്ങിന്റെ ചുവട്ടിൽ ഉറച്ചിരുന്ന വേരുകളെല്ലാം കടിച്ചുമുറിച്ചു.ചുറ്റുമുള്ള മണ്ണെല്ലാം തുരന്നുമാറ്റി.എന്നിട്ട് പുറത്തെത്തി പറഞ്ഞു. "ഇനി എല്ലാവരും ഒറ്റ വലി വലിച്ചേ ...... "

അടുത്ത വലിക്ക് മധുരക്കിഴങ്ങ് പിഴുതുവന്നു. പക്ഷേ അതോടെ ലിയോ വാക്കു മാറ്റി."ഹും! ഈ മധുരക്കിഴങ്ങിന്റെ പകുതി നിനക്കോ! മിണ്ടാതെ സ്ഥലം വിട്ടോണം..." എലിക്ക് സങ്കടമായി."ഓഹോ !വാക്കു പറഞ്ഞിട്ട് പറ്റിക്കുകയാണല്ലേ ? നോക്കിക്കോ നിങ്ങൾ പോലുമറിയാതെ നിങ്ങളുടെ കൃഷിയിൽ പകുതി ഞാനെടുക്കും."അന്നു മുതലാണത്രേ എലികൾ മനുഷ്യരുടെ കൃഷിവിളകൾ തുരന്നു തിന്നാൻ തുടങ്ങിയത്.

ഐശ്വര്യ ദീപേഷ്

# വായന

വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ച് വളരുന്നവൻ വിളയും
വായിക്കാതെ വളരുന്നവൻ വളയും

"ആത്മാവില്ലാത്ത ദേഹത്തിനു സമമാണ്
പുസ്തകങ്ങളില്ലാത്ത ഭവനം"
സിസറോ

നല്ല ഗ്രന്ഥം നന്മയുടെ
പരിധിയില്ലാത്ത
ചക്രവാളമാണ്

ഗാന്ധിജി

"വ്യക്തികൾ മരിക്കും
പുസ്തകങ്ങൾ മരിക്കുകയില്ല"
റൂസ് വെൽറ്റ്

അർച്ചന കണ്ണൻ

# കുരയ്ക്കുന്ന പക്ഷി

പട്ടി കുരയ്ക്കുന്നതുപോലെ പക്ഷി കുരയ്ക്കുമോ?

ഇല്ല എന്നാണ് ഉത്തരം എങ്കിൽ

*തെറ്റി.....ഇക്വഡോറിലെ ആൻഡീസ്*

*പർവതസാനുക്കളിൽ നിന്ന്*

*പക്ഷിശാസ്ത്രജ്ഞനായ റോബർട്ട് റിഡ്ജ് ലി*

*കണ്ടെത്തിയ ആൻവിറ്റ എന്ന പക്ഷിയുടെ ശബ്ദം*

*പട്ടിയുടെ കുരപോലെയാണ്.ചിറകിനു ചാരനിറം.*

*നീണ്ട നീലക്കാലുകൾ....കണ്ടാൽ*

*ഉണ്ടത്താറാവിനെപ്പോലിരിക്കും..*

*ഏബൽ സോണി*

# മണിമണി.................

വെള്ളവെള്ളവെള്ളവെളെ മുത്തുമണി

കറുകറുകറുകറുഴന്നമണി

ചെറുചെറുചെറുചെറു പയറുമണി

കട്ടുകട്ടുകട്ടുകട്ടു കട്ടുകുമണി

മണിമണിയിങ്ങനെ

പലമണി ചേർന്നാൽ

*പണിപണിയെണ്ണാൻ നല്ല പണി*

*സ്റ്റിവിൻ മാത്യു റെജി*

# കുഞ്ഞുണ്ണിമാഷ്

പൊക്കത്തിൽ നന്നെ കുറവുതന്നെ
പൊക്കണം തോളത്തെടുത്തുതന്നെ
അക്കങ്ങൾ കൊണ്ടേറെ വിദ്യതന്നെ
അക്ഷരക്കൂട്ടുകളാണ പിന്നെ
കുട്ടികൾക്കിഷ്ടമാണെന്നതന്നെ
കുട്ടിക്കവിതകൾ പാട്ടുതന്നെ
തൊട്ടുതലോടും മനസുതന്നെ
കുഞ്ഞുണ്ണിമാഷെന്ന പേരുതന്നെ

*ആൽബിൻ മാണി*

# മാർക്കിലേക്കൊരു മാർഗ്ഗം

1. പ്രശസ്തമായ "കേദാർനാഥ് ക്ഷേത്രം" സ്ഥിതി ചെയ്യുന്നത് ഏതു സംസ്ഥാനത്താണ്?

2. "ഒന്നേകാൽകോടി മലയാളികൾ" എന്ന കൃതിയുടെ കർത്താവായ കേരളമുഖ്യമന്ത്രി ആര്?

3. തുകൽ വ്യവസായത്തിന് ഉപയോഗിക്കുന്ന ആസിഡ് ഏത്?

4. റസൂൽ പൂക്കുട്ടിക്ക് "ഗോൾഡൻ റീൽ ബെസ്ററ് സൗണ്ട്" അവാർഡ് നേടിക്കൊടുത്ത ഡോക്യുമെന്ററി ഏത്?

5. വനനശീകരണം നിർത്തലാക്കിയ ലോകത്തിലെ ആദ്യരാജ്യം ഏത്?

ഉത്തരം

1. ഉത്തരാഖണ്ഡ്
2. ഇ.എം.എസ് നമ്പൂതിരിപ്പാട്
3. ഹൈഡ്രോക്ലോറിക് ആസിഡ്
4. ഇന്ത്യയുടെ മകൾ
5. നോർവേ

രത്തൻ അനുമോഹൻ



# സമീകൃതാഹാരം

ആഹാരത്തിലുള്ള ഘടകങ്ങൾ പ്രത്യേക അളവിൽ പ്രായത്തിനും ലിംഗഭേദത്തിനുമനുസരിച്ചും ജോലിയനുസരിച്ചും അവർക്കെങ്ങനെയെല്ലാം ഭക്ഷണം നിശ്ചയിക്കണമെന്ന് കണക്കാക്കുന്ന പട്ടികകളുണ്ട്

കുട്ടികളും ഗർഭിണികളും ഭക്ഷണത്തിൽ കൂടുതൽ പോഷകങ്ങൾ ചേർക്കേണ്ടതുണ്ട്.രോഗികൾ ഭക്ഷ്യ ഔഷധങ്ങൾ കൂടുതൽ ഉൾപ്പെടുത്തുകയും കൊഴുപ്പ് കൂടിയ ഭക്ഷണം നിയന്ത്രിക്കുകയും വേണം.

പച്ചക്കറികൾ,പഴങ്ങൾ,തേൻ ഇവയിൽ ഭക്ഷ്യ ഔഷധങ്ങൾ ഉണ്ട്. ദിവസവും 8-10 ഗ്ലാസ് വെള്ളം കുടിക്കേണ്ടത് ആരോഗ്യത്തിനാവശ്യമാണ് . ഊർജ്ജോൽപാദനത്തിൽ ഒന്നാം സ്ഥാനം അന്നജമാകയാൽ അത് ആഹാരത്തിൽ 50% എങ്കിലും ഉൾപ്പെടുത്തണം.

അധ്വാനത്തിനും വ്യായാമത്തിനും മസിൽപേശികൾ A TP പൊട്ടിച്ച് ഊർജ്ജം ഉപയോഗിക്കും.ഊർജ്ജം ഉപയോഗിക്കാതെ പോയാൽ അത് കൊഴുപ്പുൽപ്പാദനത്തിന് സംഭരിച്ചുവയ്ക്കും.അതാണ് ജോലി ചെയ്യാത്തവർ പൊണ്ണത്തടിയൻമാരും കാലക്രമേണ രോഗികളും ആകുന്നത്.

*ഡിബിൻ വിൻസന്റ്*

# ഇന്റർനെറ്റ്-ഗുണവും ദോഷവും

വിവരസാങ്കേതികവിദ്യയുടെ അത്ഭുതലോകമാണ് ഇന്റർനെറ്റ്എന്നു പറയാം.വിദ്യാഭ്യാസം,വാർത്താവിനിമയം വാണിജ്യം തുടങ്ങി നിരവധി രംഗങ്ങളിൽ വലിയ സേവനങ്ങൾ മനുഷ്യനു നല്കാൻ പോന്ന അത്ഭുതകരമായ കമ്പ്യൂട്ടർ ശൃംഖലയാണ്ഇന്റർനെറ്റ്. ലോകത്താകമാനമുള്ള ലക്ഷക്കണക്കിനു കമ്പ്യൂട്ടറുകളെ ഒരു മാധ്യമത്തിൽ കൂട്ടിയോജിപ്പിച്ച് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന രീതിയെ ഇന്റർനെറ്റ് എന്ന് വിശേഷിപ്പിക്കാം. ആശയവിനിമയത്തിന്റെ ഏറ്റവും ഉയർന്ന സാധ്യത ഇന്റർനെറ്റ് ആണ്. ശബ്ദം,ചിത്രം, അക്ഷരം എന്നീ രൂപങ്ങളിലെല്ലാമുള്ള ആശയവിനിമയം, ഇരുദിശകളിലേക്കുമുള്ള ആശയവിനിമയസാധ്യത, ഒരു കേന്ദ്രത്തിൽനിന്ന് നിമിഷം കൊണ്ട് മറ്റൊരു കേന്ദ്രത്തിലേക്കുള്ള ആശയവിനിമയം എന്നിവയെല്ലാം ഇന്റർനെറ്റിന്റെ പ്രത്യേകതകളാണ്.ഇന്റർനെറ്റ് ലോകത്തെ ഒറ്റ ഗ്രാമമായി ചുരുക്കുന്നു.വേണമെങ്കിൽ "ആഗോളഗ്രാമം" എന്നു വിളിക്കാം.

ഇന്റർനെറ്റ് വിവരവിനിമയവിദ്യ മനുഷ്യനു നൽകുന്ന ഗുണങ്ങളിലൊന്ന് ഇ-മെയിലാണ്. ഇ-മെയിൽ വിലാസമുള്ളവർക്ക്

ലോകത്ത് എവിടെയായിരുന്നാലും ഞൊടിയിടയിൽ സന്ദേശം ലഭ്യമാക്കാം. ആർക്കാണോ സന്ദേശം കൈമാറുന്നത് ആ വ്യക്തി കമ്പ്യൂട്ടറിനരികെ വേണമെന്നില്ല. അദ്ദേഹത്തിന്റെ അഭാവത്തിൽ കമ്പ്യൂട്ടർ തന്നെ സന്ദേശം സൂക്ഷിച്ചുവയ്ക്കും.

മറ്റൊന്ന് വിജ്ഞാനശേഖരണവും വിതരണവുമാണ്. വിജ്ഞാനത്തിന്റെ വലക്കണ്ണികളിൽ ഓരോ കണ്ണിയും ഓരോ കമ്പ്യൂട്ടറാണ്.ഗവേഷണത്തിനും വ്യവസായ വാണിജ്യ വിഭവസമാഹരണത്തിനും ഇന്റർനെറ്റ് സഹായിക്കുന്നു.

ഗുണകരമായ ഇന്റർനെറ്റ് വിപ്ലവം ദോഷവും സൃഷ്ടിക്കുന്നുണ്ട്.ഇന്റർനെറ്റിലൂടെ വ്യക്തിത്വഹാനികരമായ പലതും കടന്നുവരാം.എന്തുതരം വാർത്തയും ചിത്രവും ഇന്റർനെറ്റ് വഴി ലഭ്യമാകുന്നതിനാൽ അശ്ലീലചിത്രങ്ങളും മറ്റും ഇതുവഴി പ്രചരിക്കുന്നുണ്ട്.

*ഗുണവും ദോഷവും മിശ്രമാവാത്ത സാങ്കേതികവിദ്യ ഒന്നുമില്ല.അതിനാൽ ഗുണകരമായ വസ്തുതകൾ സ്വീകരിക്കുന്നതാണ് യുക്തം.*

*ലിയോണ ജിൻസ്*

# കുസൃതിച്ചോദ്യം

1. ഒന്നിന്റെ കൂടെ ഇത് കൂട്ടിയാൽ 'ഒന്നുമല്ലാതാകും' !!!

2. ചുവന്ന നിറമുള്ള സംഖ്യ !!!

3. കണക്കിലെ ക്രിയകളിൽ ഏതിനാണ് 'കാഴ്ച'യുള്ളത് !!!

4. കലണ്ടറിലെ പഴം !!!

5. മാങ്ങ ഉണ്ടാകാത്ത മാവ് !!!

6. രജിസ്ട്രേഷൻ നമ്പരില്ലാത്ത ലോറി !!!

7. വലയിട്ടു പിടിച്ച മീൻ ഒടുവിലെത്തുന്നത് മറ്റൊരു വലയിൽ !!!

ഉത്തരം

1. ONE ന്റെ കൂടെ N കൂട്ടിയാൽ NONE
2. HUNDRED
3. DIVISION
4. DATES
5. ഉപ്പുമാവ്
6. കലോറി
7. *കവല*

*ദിയ മെറിൻ*

# ഗംഗാനദിയിലേക്ക് ഒരു ചാട്ടം

ഇന്ത്യയുടെ രണ്ടാമത്തെ പ്രധാനമന്ത്രിയായിരുന്നു ലാൽ ബഹദൂർ ശാസ്ത്രി.ധീരനും ഗുണവാനുമായിരുന്നു അദ്ദേഹം.പഠനകാര്യങ്ങളിൽ ഒന്നാമൻ.എല്ലാവർക്കും ലാലിനെക്കുറിച്ച് നല്ലതുമാത്രമേ പറയാനുള്ളൂ.

ചെറുപ്പത്തിൽ അച്ഛൻ മരിച്ചു.ഏറെ കഷ്ടപ്പെട്ടാണ് അമ്മ ലാലിനെ വളർത്തിയത്.സ്കൂളിൽ പോകാൻ ഗംഗാനദി കടക്കണം.കടത്തുകാരനു നൽകാൻ പണമില്ലാത്തതിനാൽ പലവട്ടം ഗംഗാനദി നീന്തിക്കയറിയിട്ടുണ്ട്.

ഒരു ദിവസം ലാൽ ക്ലാസു കഴിഞ്ഞ് വീട്ടിലേക്ക് നടക്കുകയായിരുന്നു.ഗംഗാനദിക്കരയിൽ ഒരാൾക്കൂട്ടം. സ്ത്രീകൾ കരയുന്ന ശബ്ദം. ലാൽ വേഗം അവിടെയെത്തി.

മൂന്നു വയസുള്ള ഒരു കുട്ടി അബദ്ധത്തിൽ നദിയിൽ വീണു.ഒഴുക്കുള്ള നദിയിൽ ചാടി കുഞ്ഞിനെ രക്ഷിക്കാൻ ആർക്കുമില്ല ധൈര്യം.പുസ്തകം താഴെയിട്ട് ലാൽ നദിയിലേക്ക് ചാടി.അല്പസമയം കഴിഞ്ഞപ്പോൾ അതാ ലാലിന്റെ

തല ജലനിരപ്പിന്മുകളിൽ. നദിയിൽ വീണ കുഞ്ഞ് ആ ബാലന്റെ തോളിൽ അപ്പോഴേക്കും വഞ്ചിക്കാർ തുഴഞ്ഞെത്തി ഇരുവരെയും കരയ്ക്കെത്തിച്ചു.

*ആ കുഞ്ഞ് തന്റെ ക്ലാസ് ടീച്ചറിന്റെ ഏകസന്താനമായിരുന്നെന്ന് പിന്നീടാണ് ലാൽ അറിഞ്ഞത്.*

ഗോപിക രാജീവ്

# ചേരിയിൽനിന്ന് തേരിലേറിയ പെൺകുട്ടി

മുംബൈയിലെ ധാരാവി എന്നത് ഒരുചേരിപ്രദേശമാണ്. തകരപ്പാളികൊണ്ടും ഷീറ്റു കൊണ്ടും മറച്ച കൊച്ചു കൊച്ചു കുടിലുകളാണ് ആ പ്രദേശമാകെ. പലതും ഒറ്റമുറിവീടുകൾ മഴക്കാലത്ത് അവിടമാകെ വെള്ളത്തിൽ മുങ്ങും.

ധാരാവിയിലെ അത്തരമൊരു വീട്ടിലാണ് ഗുലാഫ്ഷാ അൻസാരി ജനിച്ചത്.ആ അന്തരീക്ഷം പഠനത്തിനോ കലാപരിശീലനത്തിനോ അനുയോജ്യമായിരുന്നില്ല.എങ്കിലും ഗുലാഫ്ഷാ പഠിച്ചു,കായികപരിശീലനവും നടത്തി,ഒരു ഫുട്ബോൾ കളിക്കാരിയായി.പലരും നിരുത്സാഹപ്പെടുത്തിയിട്ടും അവൾ പിന്മാറിയില്ല.അമേരിക്കയിൽ ഫൗഡി സ്പോർട്സ് ആൻഡ് ലീഡർഷിപ്പ് അക്കാഡമി നടത്തിയ ഫുട്ബോൾ കോച്ചിംഗിൽ പങ്കെടുക്കുവാൻ അവൾക്ക് അവസരം ലഭിച്ചു. ലണ്ടനിൽ നടന്ന സമ്മർ ഒളിമ്പിക്സിലാണ് ഗുലാഫ്ഷായുടെ *യാത്ര ചെന്നെത്തിയത്.*

*ജിസിയ ആൻറണി*

# കരയുന്ന കുഞ്ഞിനേ പാലു കിട്ടൂ

ടോക്കിയോയിലെ സെൻസോജി ദേവാലയം അതിപുരാതനമാണ്. ബുദ്ധമത പാരമ്പര്യത്തിന്റെ തിളക്കമുള്ള ശില്പങ്ങളും ചുവർചിത്രങ്ങളും നിറഞ്ഞ ക്ഷേത്രമാണിത്.ഇവിടെ ആണ്ടുതോറും ഒരു ചടങ്ങ് നടക്കാറുണ്ട്.അതാണ് കുട്ടിയെ കരയിപ്പിക്കൽ മത്സരം. സുമോ ഗുസ്തിക്കാരുടെ കൈയിൽ കുട്ടിയെ കൊടുത്ത് കരയിപ്പിക്കണം. ഏറ്റവും ഉറക്കെ കരയുന്ന കുട്ടിക്ക് ഒന്നാം സമ്മാനം. ഉറക്കെ കരയുന്നത് കുട്ടിയുടെ ആരോഗ്യത്തിന് നല്ലതാണെന്നാണ് പറയപ്പെടുന്നത്.ഓരോ വർഷവും നൂറു കണക്കിനു കുഞ്ഞുങ്ങളെയാണ് തൊള്ള തുറന്നുകരയാൻ ഇവിടെ കൊണ്ടുവരുന്നത്.

ജിന്റോ ഷാജി

# ഒരു മുല്ല കഥ

ജ്ഞാനിയും പണ്ഡിതനുമെങ്കിലും ദരിദ്രനും നിരാലംബനുമായിരുന്ന ഹോജ നസറുദ്ദീൻ മുല്ല.സമൂഹത്തിലെ അഴിമതി അദ്ദേഹത്തെ അസ്വസ്ഥനാക്കി.അഴിമതിയ്ക്കെതിരെയുള്ള പ്രവർത്തനങ്ങളും കൊച്ചുകൊച്ചു നർമകഥകൾ ചേർത്തുള്ള പ്രഭാഷണങ്ങളുമായി ജനനന്മയ്ക്കായി അദ്ദേഹം പ്രവർത്തിച്ചുവന്നു.കുപ്രസിദ്ധ കൊള്ളത്തലവൻ തിമൂർ ഈ അവസരത്തിൽ പശ്ചിമേഷ്യ ആക്രമിക്കാൻ പദ്ധതിയിട്ടു.തിമൂർ എന്ന പേരു കേട്ടപ്പോൾത്തന്നെ ഹോജയുടെ ദേശവാസികൾ പലരും വീടും നാടും ഉപേക്ഷിച്ച് അന്യദേശങ്ങളിലേക്ക് യാത്രയായി.മറ്റുള്ളവർ പേടിച്ചുവിറച്ച് കഴിഞ്ഞുകൂടി. മുല്ല തനിക്കെതിരാണ് എന്ന വിവരം തിമൂർ അറിഞ്ഞു. പത്തു ദിവസത്തിനകം മുല്ലയെ കൊല്ലും എന്ന സന്ദേശവും തിമൂർ മുല്ലയ്ക്ക് എത്തിച്ചു. ഒരു ദിവസം മുല്ല പള്ളിയിൽ മതപ്രസംഗം നടത്തുകയായിരുന്നു.ആൾക്കൂട്ടത്തിൽ ഒരാളായി ഒരു ഫക്കീർവേഷധാരിയായി തിമൂർ കേൾവിക്കാർക്കിടയിലിരുന്നു.

"അർത്താരികൾക്ക് അല്ലാഹു കഠിനശിക്ഷ നൽകുന്നതാണ്."പ്രസംഗം ഉപസംഹരിച്ചുകൊണ്ട് മുല്ല പറഞ്ഞു.

അപ്പോൾ ഒരാൾ എഴുന്നേറ്റു പറഞ്ഞു:

" ഇല്ല,അല്ലാഹു നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല."

"കാരണം?" മുല്ല ചോദിച്ചു. " നിങ്ങൾ ചെയ്ത പ്രവൃത്തികൾക്കുള്ള ശിക്ഷയാണ് നിങ്ങൾക്കു ലഭിക്കുന്നത്.ഒരാൾ ചെയ്യുന്ന പ്രവൃത്തി തന്നെ കടുത്ത ശിക്ഷയാണെന്നിരിക്കെ മറ്റൊരു ശിക്ഷയാണ് അയാൾ അനുഭവിക്കേണ്ടത്." മുല്ല ചോദിച്ചു:"നിങ്ങൾ ആരാണ്?" ഞാനൊരു ഫക്കീർ.പേര് തിമൂർ. ഞൊടിയിടയിൽ കേൾവിക്കാർക്കിടയിലിരുന്ന തിമൂറിന്റെ അനുയായികൾ ആയുധങ്ങളുമായി മുല്ലയെ വളഞ്ഞു. ഹോജ നസറുദ്ദീൻ മുല്ല എല്ലാം കാണുന്നുണ്ടായിരുന്നു.എങ്കിലും ഒന്നും സംഭവിക്കാത്ത മട്ടിൽ ചോദിച്ചു:"അപ്പോൾ മുടന്തൻ തിമൂർ എന്ന കൊള്ളത്തലവൻ നിങ്ങൾ തന്നെയാണോ?""സംശയിക്കേണ്ട,ഞാൻ തന്നെ " ഭയപരവശരായ വിശ്വാസികളോട് ചിരിച്ചുകൊണ്ടു മുല്ല പറഞ്ഞു: "സഹോദരന്മാരേ,കൂട്ടപ്രാർത്ഥന കഴിഞ്ഞാണല്ലോ നമ്മളിരിക്കുന്നത്.ഇനി നമുക്ക് ചരമപ്രാർത്ഥന തുടങ്ങാം."

മുല്ലയുടെ ഫലിതം തിമൂറിന് നന്നേ രസിച്ചു.മരണത്തിന്റെ മുഖത്തു നോക്കി പരിഹസിച്ചു ചിരിക്കാൻ മുല്ലയ്ക്കല്ലാതെ ആർക്കു കഴിയും? തിമൂർ മുല്ലയെ തന്റെ രാജസഭയിലേക്കു കൂട്ടിക്കൊണ്ടുപോയി.

അർച്ചന വി. എസ്

# കൗതുക ലോകം

### സ്രാവിന്ന രോഗമില്ല

***സ്രാവിന് ഉയർന്ന രോഗ പ്രതിരോധ ശേഷിയാണുള്ളത്. അതിന് കാൻസർ ഉണ്ടാവില്ലത്രേ!!!***

### പെരുവയറൻ

*നീലത്തിമിംഗലത്തിന് ഒരു ദിവസം ആയിരം കിലോഗ്രാമിലേറെ ഭക്ഷണം വേണം!!!*

*പാർവ്വതി*

# പദപ്രശ്നം

വലത്തോട്ട്

ഇടത്തോട്ട്

1.ആകാശവാഹനം(3)

2.എലിയുടെയും പാമ്പിന്റെയുമൊക്കെ വീട് (2)

3.പട പേടിച്ച് -----------ചെന്നപ്പോൾ പന്തം കൊളുത്തി പട(3)

3.കടലിൽ മഴുവെറിഞ്ഞ് കേരളം സൃഷ്ടിച്ചത് (6)

5.കുസൃതി കാണിച്ചതിന് യശോദ കണ്ണനെ -------------വരും(2) ഇതിലാണ് കെട്ടിയിട്ടത്(3)

4.തമാശ കേട്ടാൽ

6.നഗരം(3)

6. പഴയകാലത്തെ ആയുധമാണ് വാളും ------------യും(3)

7. ഭൂമിയുടെ ഉപഗ്രഹം(3)

9. വാത്മീകിയുടെ മഹാകാവ്യം(4)

8.സദ്യക്ക് ഒഴിച്ചുകൂടാനാവാത്ത മധുരരസം(3)

10.----------ഉണ്ടെങ്കിൽ ഉലക്കമേലും കിടക്കാം(3)

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 1 വി | 2 മാ | നം | | |
| | | 3 പ | ന്ത | ളം | | 4 ചി | |
| | 5 ഉ | ര | ൽ | | 6 പ | രി | 7 ച |
| | | ശു | | 8 പാ | ട | | ന്ദ |
| | | 9 രാ | മാ | യ | ണം | | ൻ |
| ഒ | രു | മ | | സം | | | |
| | | ൻ | | | | | |

നേഹ ജോൺസൺ

# നമ്മുടെ ഉത്സവങ്ങൾ

പൊന്നിൻചിങ്ങം വന്നാൽ നമ്മുടെ
മാമലനാട്ടിൽ പൊന്നോണം
ഓണക്കോടിയുമോണനിലാവും
മേളിക്കുന്നൊരു തിരുവോണം

വിജയദശമിക്കല്ലോ നല്ലൊരു
വിദ്യാരംഭം നമ്മൾക്ക്!
മേടപ്പുലരിക്കെന്നും കൊന്ന-
പ്പൂക്കണി വെക്കും വിഷുവല്ലോ

വിഷുവിനല്പം മുമ്പോ പിമ്പോ
ഈസ്റ്റർ തിരുനാൾ വന്നണയും
ധനുമാസത്തിൽ വളകളിളക്കി
തിരുവാതിരയുടെ വരവാകും!

ഡിസംബറിരുപത്തഞ്ചിനു കൃത്യം
*ഹാപ്പീ ക്രിസ്മസ് മേളം*

*ഡോണ തങ്കച്ചൻ*


THANK YOU!